# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6624** **21.11.2019-ൽ മറുപടിയ്ക്ക്**

**<u>മൽസ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് സംവിധാനം</u>**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മൽസ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് നിലവിൽ പ്രത്യേക സംവിധാനം ഇല്ലാത്തതിനാൽ മത്സ്യഅനുബന്ധ തൊഴിലാളികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) മത്സ്യത്തിൽ മായം ചേർക്കുന്നതിന്റെ ഉറവിടം കണ്ടെത്തി തടയുന്നതിന് കർശന നടപടി സ്വീകരിക്കാനുള്ള സംവിധാനം വകുപ്പ് തലത്തിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ബി) സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യ മൊത്തവ്യാപാര വിപണന ശാലകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണം തടയുന്നതിന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും രൂപീകരിച്ച് പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്. രാസവസ്തുക്കളായ അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ CIFT വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തി വരുന്നു. കൂടാതെ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജന്റു |

മാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തി വരുന്ന പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യമോ, പഴകിയ മത്സ്യമോ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ വിൽപ്പന നടത്തിയവർക്കെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിച്ചിട്ടുണ്ട്, അന്യ സംസ്ഥാന ങ്ങളിൽ നിന്നും കൊണ്ടു വരുന്ന മത്സ്യം പരിശോധി ക്കുന്നതിലേക്കായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷൻ, ലേലസ്ഥലങ്ങൾ, എന്നിവിടങ്ങളിൽ പരിശോധന നടത്തി മത്സ്യ ത്തിന്റെ സ്റ്റാറ്റ്യൂട്ടറി /സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്കയക്കുകയും ചെയ്തു വരുന്നു. ആരോഗ്യത്തിന് ഹാനികരമായി റിപ്പോർട്ട് ചെയ്യപ്പെട്ടവയ്ക്കെതിരായി ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നു. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്തുവാൻ കഴിയുന്ന വിധത്തിൽ നിയമ നിർമ്മാണവും സർക്കാർ പരിഗണനയിലാണ്. നാളിതുവരെ ഫുഡ് സേഫ്റ്റി വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി 388 പരിശോധനകൾ നടത്തുകയും 300 സാമ്പിളുകൾ ശേഖരിച്ച് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല.

**സെക്ഷൻ ആഫീസർ**